# റെഡി.... 1,2,3.... സ്റ്റാർട്ട്

എം. സാജിദ്

**നമ്മുടെ** ഊർജപ്രതിസന്ധിക്കും വൻശക്തി മോഹത്തിനും ഒറ്റമൂലിയാണത്രെ 2007 ആഗസ്റ്റ് ഒന്നിന് ഒപ്പുവെച്ച ഇന്ത്യ-അമേരിക്ക ആണവക്കരാർ. ആണവശക്തിയുടെ സമാധാനപരമായ ഉപയോഗത്തിനു വേണ്ടി ഇരു രാജ്യങ്ങളും ഏർപ്പെട്ട ഈ ഉടമ്പടി അമേരിക്കൻ ആണവോർജ ആക്ടിന്റെ 123-ാം സെക്ഷനിൽ ചില പ്രത്യേക കൂട്ടിച്ചേർക്കലുകൾ നടത്തുമെന്നതിനാൽ 123 ഉടമ്പടി എന്നും അറിയപ്പെടുന്നു. ലോകത്തിലെ ഊർജപ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ആണവശക്തിയുടെ സമാധാനപരമായ ഉപയോഗത്തെ പ്രോത്സാഹിപ്പിക്കുന്നതാണ് കരാർ. ഇരു രാജ്യങ്ങളുടെയും പരമാധികാരത്തെ മാനിക്കുന്നതും ആഭ്യന്തരകാര്യങ്ങളിൽ പരസ്പരം ഇടപെടാതെ സമത്വവും നേട്ടങ്ങളും ഉറപ്പുവരുത്തുന്നതുമാണ് കരാറെന്ന് ആമുഖത്തിൽ പറയുന്നു. ഇരു കൂട്ടർക്കും തുല്യ നേട്ടങ്ങളും മെച്ചങ്ങളുമുണ്ടാവും. പരിസ്ഥിതിയെ യാതൊരു വിധത്തിലും പരിക്കേൽപിക്കാത്ത പ്രവർത്തനങ്ങളേ കരാർ വഴിയുണ്ടാവൂ. സർവോപരി, കൂട്ട നശീകരണായുധങ്ങളുടെ വ്യാപനം ഇരു രാജ്യങ്ങളും ശക്തമായി ചെറുക്കുകയും ചെയ്യും.

ചുരുക്കത്തിൽ, കരുണാമയനായ അമേരിക്കൻ ഭരണാധികാരി ഉത്തരേന്ത്യൻ ഗ്രാമങ്ങളിലെ വൈദ്യുതി പ്രതിസന്ധികൾ തീർക്കാൻ കനിവിന്റെ തേൻകുടം ഇന്ത്യയിലേക്കൊഴുക്കുന്നു. ശേഷിച്ച കാലം ഇരു രാജ്യങ്ങളും പരസ്പര സഹായ സഹകരണത്തിൽ വർത്തിക്കും. ലോകത്തിന്റെ നീറുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണും. ലോകസുരക്ഷയെ ബാധിക്കുന്ന കൂട്ടനശീകരണായുധങ്ങൾ (അമേരിക്കയിലൊഴികെ) എവിടെ കണ്ടാലും ഉടൻ നിർവീര്യമാക്കും.

ഇന്ത്യയിലെ ഊർജപ്രതിസന്ധിയുടെ കാരണങ്ങൾ, പരിഹാരങ്ങൾ, ബദൽ ഊർജസ്രോതസ്സുകൾ, ആണവോർജ പ്രശ്നങ്ങൾ, ഇന്ത്യയുടെ വിദേശനയം, അമേരിക്കയുടെ ചരിത്രവും നയങ്ങളും തുടങ്ങി അതിപ്രധാനമായ ഒരുപാട് കാര്യങ്ങൾ മുൻനിർത്തി മാത്രമേ ഈ കരാറിനെ വിലയിരുത്താനാവൂ. ഇക്കാര്യങ്ങളിലൊക്കെ ആരാണ് ചർച്ചകൾ നടത്തിയത്? ഇന്ത്യയുടെ അടിയന്തര പ്രശ്നം ഇതുതന്നെയാണെന്നും അതിന് അമേരിക്കയുമായി കരാറുണ്ടാക്കണമെന്നും ആരാണ് തീരുമാനിച്ചത്? പാർലമെന്റിനെപ്പോലും വിശ്വാസത്തിലെടുക്കാതെ ഏതാനും ഉദ്യോഗസ്ഥരാണോ ദൂരവ്യാപക പ്രത്യാഘാതങ്ങളുള്ള ഒരു കരാർ കൈകാര്യം ചെയ്യേണ്ടത്? കരാറിന്റെ വിശദാംശങ്ങൾ പുറത്തുവിടും മുമ്പ്, പ്രതിപക്ഷവുമായി ചർച്ചു നടത്തി അവരെ ബോധ്യപ്പെടുത്തിയിട്ടുണ്ടെന്ന് പറയാൻ എം.കെ നാരായണനും അനിൽ കക്കോദ്കർക്കും എന്താണവകാശം? ഇന്ത്യൻ ജനാധിപത്യത്തിന്റെ അപകടകരമായ ഭാവിയിലേക്കാണ് ഈ ചോദ്യങ്ങൾ ചൂണ്ടുന്നത്.

2006 മാർച്ച് 2,3 തീയതികളിൽ ജോർജ് ബുഷിന്റെ ഇന്ത്യാ സന്ദർശനവേളയിലാണ് ആണവകരാറിന്റെ പ്രാഗ്രൂപം നാമറിയുന്നത്. ഇതിനും പിന്നിലേക്ക് പോയാൽ 2005 ജൂലൈയിൽ അമേരിക്കൻ കോൺഗ്രസ് പാസ്സാക്കിയ ഒരു ഊർജ ബിൽ കാണാനാവും. അതനുസരിച്ച് അമേരിക്കയിലെ ആണവോർജ വ്യവസായത്തിൽ 12 ബില്യൻ ഡോളറിന്റെ സബ്സിഡിയാണ് പ്രഖ്യാപിക്കപ്പെട്ടത്. അതേ മാസം 18-ന് ഇന്ത്യ-യു.എസ് സൈനികേതര ആണവോർജ സഹകരണത്തിന്റെ കരാർ പിറവിയെടുക്കുന്നു. എന്തൊരു മനപ്പൊരുത്തം! ഏഴു മാസങ്ങൾക്കുശേഷം ഇന്ത്യയിലെത്തിയ ബുഷ് ഇവിടത്തെ ഊർജപ്രതിസന്ധിക്ക് പരിഹാരം സമർപ്പിച്ചു. ഇന്ത്യയിൽ കറണ്ടുണ്ടാക്കാൻ ഇനി ആണവ റിയാക്ടറുകൾ പ്രവർത്തിപ്പിക്കുക, ഉപകരണങ്ങളും ഇന്ധനവും സാങ്കേതികവിദ്യയും അമേരിക്കൻ കമ്പനികൾ നൽകും. ഇന്ത്യയിലെ ഗ്രാമീണരും അമേരിക്കൻ ആണവവ്യവസായികളും ദാരിദ്ര്യം മറക്കട്ടെ!

ദ്വിദിന സന്ദർശനത്തിൽ കണ്ടു കാര്യം മാത്രമല്ല തീർപ്പായത്. ഒമ്പതു ധാരണാപത്രങ്ങൾ കൂടി അന്നേദിവസം കൈമാറി. 1. അമേരിക്കയുടെ ലൈസൻസോടുകൂടി ഇന്ത്യക്ക് ഉപഗ്രഹങ്ങൾ വിക്ഷേപിക്കാം. 2. ഇരു രാജ്യങ്ങളും ചേർന്ന് എയിഡ്സിനെ ചെറുക്കും. ഇതിനായി കോർപ്പറേറ്റ് കമ്പനികളുടെ സഹായവും സ്വീകരിക്കും. 3. ഇന്ത്യ അമേരിക്കയിലേക്ക് കീടവിമുക്തമാക്കിയ മാങ്ങ കയറ്റിയയക്കും. 4. കൃഷി മേഖലയിൽ- ബയോടെക്നോളജി, ഫുഡ് പ്രോസസിംഗ്, മാർക്കറ്റിംഗ്, ജല മാനേജ്മെന്റ്, വിദ്യാഭ്യാസം- 40 ഇന്ത്യൻ യൂനിവേഴ്സിറ്റികൾക്ക് പ്രത്യേക പാക്കേജ്. ഇതാണ് ഇന്ത്യ-യു.എസ് നോളജ് ഇനിഷ്യേറ്റീവ് ഓൺ അഗ്രികൾച്ചർ എന്ന പേരിൽ ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. 5. ഇന്ത്യയിലെ ചെറുകിട വ്യാപാര മേഖലയുടെ വാതിലുകൾ തുറന്നിടും. 6. അന്താരാഷ്ട്ര താപ-ആണവോർജ ഗവേഷണത്തിൽ ഇന്ത്യ പങ്കുകൊള്ളും. 7. സംയോജിത സമുദ്ര വികസന പദ്ധതിയിൽ ഇന്ത്യക്ക് അംഗത്വം നൽകും. 8. സൈനികേതര ആണവോർജ മേഖലക്ക് പുറമെ എണ്ണ, പ്രകൃതിവാതകം, കൽക്കരി തുടങ്ങിയ ഊർജമേഖലകളിലും ഇരു രാജ്യങ്ങളും കൈകോർക്കും. 9. ഇന്ത്യയും അമേരിക്കയും ചേർന്ന് ലോകത്തൊട്ടാകെ ജനാധിപത്യം പരത്തും. ധന്യമായ രണ്ടു ദിനങ്ങൾ; ഇന്ത്യൻ ജനാധിപത്യത്തിന്റെ വിലയും വിലയില്ലായ്മയും ബുഷും മൻമോഹനും തൊട്ടറിഞ്ഞ 48 മണിക്കൂറുകൾ!

2006-ൽ പ്രഖ്യാപിക്കപ്പെട്ട കരാറിൽ ഒരു വർഷം നീണ്ട വിലപേശലുകൾ നടത്തി 'കാര്യമായ' മാറ്റങ്ങളുണ്ടാക്കിയെന്ന് വ്യക്തം. വിലപേശലുകളെയും

മാറ്റങ്ങളെയും ആഴത്തിൽ പരിശോധിച്ചാൽ പട്ടിയുടെ വാൽ നീളക്കുഴലിലിട്ടാലും നേരയാവില്ല എന്നൊരിക്കൽ കൂടി ബോധ്യമാവും. വാചകക്കസർത്തിന്റെ വർണക്കുപ്പായങ്ങൾ ഓരോന്നായി അഴിച്ചുമാറ്റിയാൽ കരാറിലെ ‘ദാതാവും സ്വീകർത്താവും’ വെളിപ്പെടും. അധികാരം എപ്പോഴും ദാതാവിനു തന്നെയായിരിക്കുമല്ലോ.

ഇന്ത്യയിലെ ഊർജപ്രതിസന്ധിക്ക് ഏകപരിഹാരം ആണവോർജമാണെന്ന മട്ടിലാണ് കരാർ തയാറാക്കിയിരിക്കുന്നത്. ഊർജപ്രതിസന്ധിയുണ്ടെങ്കിൽ അതിന്റെ ഒന്നാമത്തെ കാരണം ഉൽപാദനക്കുറവല്ല എന്നതാണ് സത്യം. യാതൊരു നിയന്ത്രണവുമില്ലാത്ത സംവിധാനങ്ങൾ, വിതരണത്തിലെ അനീതികൾ, പ്രസരണനഷ്ടം, ധൂർത്ത്, ദുർവ്യയം എന്നിവയൊക്കെയാണ് (പാവങ്ങളുടെ) കറണ്ടു കമ്മിയുടെ കാരണം. (അല്ലാത്തവർക്ക് പ്രത്യേകിച്ച് കമ്മിയൊന്നും ഇല്ല). ഇനി ഉൽപാദനം വർധിപ്പിക്കണമെന്നുതന്നെ തീരുമാനിച്ചാൽ മറ്റു ബദലുകളില്ലേ? സൗരോർജം, കാറ്റ്, ചെറുകിട ജലപദ്ധതികൾ എന്നിവയുടെ സാധ്യതകൾ വിഭവസമ്പുഷ്ടമായ ഇന്ത്യയിൽ അനേകമുണ്ട്. ഇതിനെക്കുറിച്ചൊന്നും യാതൊരു പഠനവും ചർച്ചയും നടത്താതെ ആണവോർജത്തിനു പിറകെ ഓടുന്നവരുടെ ഉദ്ദേശ്യങ്ങൾ തിരിച്ചറിയപ്പെടേണ്ടതുണ്ട്. ഊർജപ്രശ്നത്തിനപ്പുറം അമേരിക്കയുമായുള്ള ഉഭയകക്ഷി ബന്ധമാണ് പ്രധാനമെന്നാണ് പലരുടെയും അടക്കിപ്പിടിച്ച സംസാരം. ഇന്ത്യയെക്കുറിച്ച് സ്വപ്നങ്ങളുള്ളവരുടെ ആശങ്കകളും ഈ ഉഭയബന്ധം തന്നെയാണ്.

വിളയിച്ചെടുക്കാൻ പോകുന്ന ആണവോർജത്തെക്കുറിച്ചും ആശങ്കകളാണ് ഏറെയുള്ളത്. ഒഴിവാക്കാനാവാത്ത ദുരന്തങ്ങളോടൊപ്പം ഇരട്ടപെറ്റതാണ് അണുശക്തിയെ. സമാധാനപരമായ ആണവോർജം എന്ന പ്രയോഗം തന്നെ നിരർഥകമാണ്. ബോംബുണ്ടാക്കാതിരുന്നാൽ മാത്രം സമാധാനമുണ്ടാവില്ല. ഓരോ ആണവ റിയാക്ടറുകളും ഊർജം മാത്രമല്ല ഉൽപാദിപ്പിക്കുന്നത്; ജീൻ മാറ്റത്തിനും കാൻസറിനും അംഗവൈകല്യത്തിനുമൊക്കെ കാരണമാവുന്ന ആണവവികിരണങ്ങളെ കൂടിയാണ്. യുറേനിയത്തെ വിഘടിപ്പിച്ചുണ്ടാക്കുന്ന ഊർജം കൊണ്ട് വെള്ളം നീരാവിയാക്കി, അതുകൊണ്ട് ജനറേറ്റർ കറക്കിയാണ് ആണവ റിയാക്ടറുകൾ പ്രവർത്തിക്കുന്നത്. എന്നാൽ അവശിഷ്ടമായി ഉണ്ടാവുന്ന പ്ലൂട്ടോണിയം ഉയർന്ന വികിരണശേഷിയുള്ളതാണ്. ഇതിനെ ബഹിരാകാശത്തും കടലിന്നടിയിലുമൊക്കെ നിക്ഷേപിക്കാനുള്ള ശ്രമങ്ങൾ ദയനീയമായി പരാജയപ്പെടുകയാണുണ്ടായത്. ട്രാൻസ്മ്യൂട്ടേഷൻ നടത്തി കുറഞ്ഞ വികിരണമുള്ള ആറ്റങ്ങളാക്കുക എന്നതാണ് പിന്നെ ചെയ്യാനുള്ളത്. ഇതും പൂർണമായി സുരക്ഷിതമല്ല. അവസാനം എല്ലാവരും ചെയ്യാറുള്ളതുപോലെ വികിരണം ഒഴിവാക്കാൻ ഈ അവശിഷ്ട ആറ്റങ്ങൾ ആയുധനിർമാണത്തിനുപയോഗിക്കും. അങ്ങനെ ‘സമാധാനം’ അട്ടിമറിയുന്നു. ഒരു ആണവ റിയാക്ടറിന്റെ പരമാവധി ആയുസ്സ് 50 വർഷമാണ്. അതിനുശേഷം വികിരണപൂരിതമായ അവശിഷ്ടങ്ങൾ വൻ ദുരന്തമാണ് വിളിച്ചുവരുത്തുന്നത്. അമേരിക്കയിലെ 110 റിയാക്ടറുകളടക്കം ലോകത്ത് 442 ആണവ റിയാക്ടറുകളുണ്ടെന്നതുകൊണ്ടുമാത്രം ഇവ സുരക്ഷിതമാണെന്ന് പറയാനാവില്ല. റഷ്യയിലെ ചെർണോബിൽ, അമേരിക്കയിലെ കമൈൽ ദ്വീപ്, പെൻസിൽവാനിയ ആണവദുരന്തങ്ങൾ മറക്കാനാവാത്തതാണ്.

ആണവ വികിരണ പ്രശ്നങ്ങളും ബദൽ സാധ്യതകളും തൽക്കാലത്തേക്ക് മറന്നാൽ പോലും ഏറെ അസ്വസ്ഥതയുണ്ടാക്കുന്നതാണ് കരാർ. 2006-ൽനിന്ന് ഒരു വർഷ ചർച്ചകൾ പിന്നിട്ടപ്പോൾ മൂന്ന് പ്രധാന ആശങ്കകൾ നീക്കം ചെയ്തിരിക്കുന്നു എന്നാണ് ഇന്ത്യൻ ക്യാമ്പുകളിലെ പ്രചാരണം. അമേരിക്ക തരുന്ന ആണവ ഇന്ധനം ഉപയോഗിച്ച ശേഷം പുനഃസംസ്കരിക്കാനുള്ള അവകാശം, തടസ്സമില്ലാത്ത ഇന്ധനവിതരണം, സൈനികേതര ആണവറിയാക്ടറുകളിൽ അമേരിക്കൻ പരിശോധകരെ ഒഴിവാക്കി അന്താരാഷ്ട്ര ആണവോർജ ഏജൻസിയുടെ മാത്രം പരിശോധന എന്നിവയാണ് ഇന്ത്യ ‘നേടിയെടുത്തിരിക്കുന്ന’ അവകാശങ്ങൾ.

പറയുന്നപോലെ എളുപ്പമല്ല പുനഃസംസ്കരണത്തിനുള്ള അമേരിക്കൻ അനുമതി. അമേരിക്ക നൽകുന്ന ഇൻധനം പുനഃസംസ്കരിച്ച് പുനരുപയോഗിക്കരുതെന്ന് പഴയ കരാറിൽ പറഞ്ഞത് ഒരു ‘ടെർമിനേറ്റർ സീഡ്’ മനോഭാവം പുലർത്തിക്കൊണ്ടുതന്നെയാണ്. ഏതാനും ഉദ്യോഗസ്ഥർ ചർച്ച ചെയ്താൽ അത് വിട്ടുതരാൻ മാത്രം കനിവുള്ളവരാണ് ബുഷും റൈസും ബേൺസുമെന്ന് തെറ്റിദ്ധരിക്കാൻ ന്യായമേതുമില്ല. ഇന്ത്യ ഉദ്ദേശിക്കുന്ന 3 ഘട്ട ആണവ പദ്ധതിയിൽ പുനഃസംസ്കരണം അതിപ്രധാനമാണ്. ഒന്നാം ഘട്ടത്തിൽ ഉപയോഗിച്ചുകഴിഞ്ഞ യുറേനിയം ഇന്ധനത്തിൽനിന്ന് പ്ലൂട്ടോണിയത്തെ വേർതിരിക്കുന്നത് പുനഃസംസ്കരണം നടത്തിയാണ്. രണ്ടാം ഘട്ടത്തിൽ ഈ പ്ലൂട്ടോണിയവും തോറിയവുമാണ് ഇന്ധനങ്ങൾ. രണ്ടാം ഘട്ടത്തിൽ തോറിയത്തിൽനിന്നുൽപാദിപ്പിക്കപ്പെടുന്ന യുറേനിയം വീണ്ടും സംസ്കരിച്ച് മൂന്നാം ഘട്ടത്തിലേക്കുള്ള ഇന്ധനമാക്കുന്നു. ഈ ഓരോ ഘട്ടത്തിലും പുതുതായി അമേരിക്കയിൽനിന്നുതന്നെ ഇന്ധനം വാങ്ങണമെന്നാണ് കരാറിലുണ്ടായിരുന്നത്.

പുനഃസംസ്കരണാവകാശം ഇന്ത്യക്ക് നൽകുമ്പോൾ ഈ ലാഭം വെറുതെയങ്ങ് വേണ്ടെന്നുവെക്കാൻ അമേരിക്ക തയാറാവുമോ? പുനഃസംസ്കരണത്തിനുള്ള സാങ്കേതികവിദ്യ നേരത്തേതന്നെ ഇന്ത്യ വികസിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇതിനു പകരം, അന്താരാഷ്ട്ര ആണവോർജ ഏജൻസിയുടെ മാർഗനിർദേശങ്ങൾക്ക് വിധേയമായി പുതിയൊരു പദ്ധതിയെക്കുറിച്ചാണ് കരാർ പരാമർശിക്കുന്നത്. ഇതിന്റെ വിശദാംശങ്ങൾ പറഞ്ഞിട്ടുമില്ല. അത്യന്താധുനിക രീതിയിലുള്ള ഒരു പദ്ധതിക്കേ ഏജൻസി അനുവാദം നൽകൂ. ഇങ്ങനെ ഉയർന്ന മാനദണ്ഡങ്ങൾ വെച്ചുകൊണ്ട് പുനഃസംസ്കരണ സാധ്യതയെ ഭാവിയിൽ ഇല്ലാതാക്കുക, കരാർ ഒപ്പിടുന്ന കാലത്ത് ഇന്ത്യക്ക് നേട്ടമുണ്ടായതായി വ്യാജതോന്നൽ ഉണ്ടാക്കുക എന്നതൊക്കെയാണ് അമേരിക്കൻ ലക്ഷ്യങ്ങളെന്ന് കരുതുന്നവർ ഏറെയാണ്.

തടസ്സമില്ലാത്ത ഇന്ധനവിതരണവും കരാർ ഉറപ്പുനൽകുന്നുണ്ട്. ആണവപരീക്ഷണം നടത്തുന്ന രാജ്യങ്ങൾക്ക് ഇന്ധനം നൽകുന്നത് വിലക്കുന്ന നിയമം അമേരിക്കയിലുണ്ട്. ഇന്ത്യക്കുവേണ്ടി ഇത് മാറ്റിയെടുക്കാൻ അമേരിക്കൻ കോൺഗ്രസ്സിൽ സമ്മർദം ചെലുത്തും. ഏതെങ്കിലും കാരണവശാൽ ഇതിൽ പ്രശ്നങ്ങളുണ്ടായാൽ ആണവ ഇന്ധന വിതരണ ഗ്രൂപ്പിലെ അംഗങ്ങളായ രാജ്യങ്ങളെക്കൊണ്ട് ഇന്ത്യക്ക് ഇന്ധനം ലഭ്യമാക്കും-കരാറിലെ വാചകങ്ങളാണിവ. ഇന്ത്യയോടുള്ള ഇത്തരം സ്നേഹപ്രകടനങ്ങളും അഭിനിവേശവും അടുത്തിടെയായിവല്ലാതെ കൂടിയിരിക്കുന്നു. ഇന്ത്യയെ ഒരു വൻശക്തിയായി വാഴ്ത്തിക്കൊണ്ടേയിരിക്കുകയാണിവർ. ആണവ നിർവ്യാപന കരാറിൽ ഒപ്പുവെക്കാത്ത, 1998-ൽ പൊഖ്റാനിൽ ആണവപരീക്ഷണം നടത്തിയ ഇന്ത്യയോട് മൃദുത്വവും നിർവ്യാപനകരാറിൽ ഒപ്പുവെച്ച ഇറാനോട് മുഷ്ടി ചുരുട്ടലും ഇരട്ടത്താപ്പല്ലേ എന്ന ചോദ്യത്തിന് ‘കാലം മാറി, കാര്യം മാറി’ എന്നായിരുന്നു ബുഷിന്റെ മറുപടി. ഇന്ത്യാ സന്ദർശനത്തിനിടെ മറ്റൊരു ചരിത്ര വാചകവും ബുഷ് കാച്ചി: ‘വരും നൂറ്റാണ്ടിലെ ലോക രാഷ്ട്രീയ ക്രമത്തിൽ മാറിവരുന്ന ഇന്ത്യ-യു.എസ് ബന്ധങ്ങൾക്ക് നിർണായക സ്വാധീനമാവും ഉണ്ടാവുക’. ഇന്ത്യയെ ഇപ്പോൾതന്നെ ‘സൂപ്പർ പവർ’ എന്നാണ് കോണ്ടലീസ റൈസ് വിശേഷിപ്പിക്കുന്നത്. ‘ചൈനയെ ഒതുക്കാൻ ഇന്ത്യയെ വളർത്തുക’ എന്ന അമേരിക്കൻ വിദേശനയത്തെക്കുറിച്ച് അടുത്തിടെ *ടൈംസ്* റിപ്പോർട്ട് ചെയ്തിരുന്നു. പ്രേമപ്രകടനങ്ങൾക്കപ്പുറത്തുള്ള പച്ച യാഥാർഥ്യം രാഷ്ട്രീയ കാര്യ അണ്ടർ സെക്രട്ടറി നിക്കോളസ്

ബേൺസ് തുറന്നു പറയുകയും ചെയ്തു. ഇനിയും ആണവ പരീക്ഷണം നടത്തുന്നപക്ഷം കരാറിന്റെ ഭാവി പ്രശ്നമാണെന്നു തന്നെയാണ് അദ്ദേഹം പറഞ്ഞത്. തടസ്സമില്ലാത്ത ഇന്ധന വിതരണം അതുവരെ മാത്രമായിരിക്കുമെന്ന് ബുദ്ധിയുള്ളവർക്ക് മനസ്സിലാക്കാം.

ആണവോർജ ഏജൻസി മാത്രം നടത്തുന്ന പരിശോധനകളും മറിച്ചാവാൻ തരമില്ല. ഇതേ ഏജൻസിയോഗത്തിൽ ഇറാനെതിരെ ഇന്ത്യയെക്കൊണ്ട് വോട്ട് ചെയ്യിച്ചിട്ട് നാളേറെയായിട്ടില്ല. ഇസ്രയേലിനോടുള്ള ചങ്ങാത്തവും അൾജീരിയ, സുഡാൻ, ഇറാഖ്, അഫ്ഗാൻ, ഇറാൻ, ലിബിയ, ക്യൂബ, സിറിയ തുടങ്ങിയ രാജ്യങ്ങളിലെ ഇടപെടലും ഏതെങ്കിലും കരാറിന്റെ കുറവുകൊണ്ടുണ്ടായതല്ല. ഇന്നത്തെ അവസ്ഥയിൽ അമേരിക്കയെ വിശ്വാസത്തിലെടുക്കുന്നു എന്നതു മാത്രം മതി മൻമോഹന്റെ ഉദ്ദേശ്യശുദ്ധി അളക്കാൻ.

40 വർഷത്തേക്കാണ് കരാർ. വേണമെങ്കിൽ 10 വർഷം വെച്ച് നീട്ടാം. എന്നാൽ ഒരു വർഷത്തെ കാലാവധിയിൽ നോട്ടീസ് നൽകി ഇരു കക്ഷികൾക്കും കരാറിൽനിന്ന് എപ്പോൾ വേണമെങ്കിലും പിൻവാങ്ങാം. പക്ഷേ, മാർക്കറ്റ് വിലയനുസരിച്ച് നഷ്ടപരിഹാരം നൽകണം, പിന്മാറ്റത്തെക്കുറിച്ച് ചർച്ചകൾ നടത്തണം, ആണവോർജ ഏജൻസിയെ ബോധ്യപ്പെടുത്തണം, സർവോപരി പിന്മാറ്റം ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് രണ്ടുവട്ടം ആലോചിക്കണം തുടങ്ങിയ വിഷമകരമായ ഉപാധികൾ പാലിക്കണം! പാലിച്ചാലും ഇല്ലെങ്കിലും ആർക്ക് ലാഭം, ആർക്ക് ചേതം?

കാര്യങ്ങൾ വ്യക്തമാണ്: റെഡി 1,2,3 പറഞ്ഞ് മത്സരത്തിനുള്ള വെടി പൊട്ടിയിരിക്കുന്നു. ഇനി ഇന്ത്യ കുതിക്കും; അമേരിക്കയോട് ചങ്ങാത്തം കൂടാൻ, ഊർജകമ്മി പരിഹരിക്കാൻ, ലോകത്ത് ജനാധിപത്യം ഉണ്ടാക്കാൻ, കൂട്ടനശീകരണായുധങ്ങൾ ഇല്ലാതാക്കാൻ, ചൈനയെ ഒതുക്കാൻ, ഇറാനെ വിരട്ടാൻ....

സർവനാശത്തിലേക്കുള്ള ഈ പോക്കിനു തടയിടേണ്ടതുണ്ട്. പാർലമെന്റിൽ ശക്തമായ സമ്മർദമുണ്ടായെങ്കിൽ മാത്രമേ വല്ല പ്രതീക്ഷയുമുള്ളൂ. മൻമോഹൻ ഇന്ത്യയെ വിൽക്കുന്ന ചരിത്രനിമിഷത്തിൽ നിങ്ങളെവിടെ നിന്നു എന്ന ചോദ്യം തീർച്ചയായും നാളെ ഉയരും; മറുപടി പറയാൻ ഇടതുപക്ഷത്തിനും ഓരോ ഇന്ത്യൻ പൗരന്നും ബാധ്യതയുണ്ട്. ■